# ഒപാരുളറിയാതെ

എല്ലാ കറകളും
എത്ര പഴകിയാലും
പാടു പോലും ബാക്കിയാക്കാതെ
മായ്ചുകളയുമെന്ന്....!
എന്നിട്ടെന്താ, പിന്നിങ്ങനെ?
ഉപഭോക്താവിന്റെ
സ്വാഭാവിക സന്ദേഹം.
ദിനങ്ങളേറെ
പട്ടിണി കിടന്നിട്ടും
പാതിരാവുകളിൽ
ഉറക്കമിളച്ചിട്ടും
മാറ്റത്തിന്റെ രസതന്ത്രം
പാവം മനുഷ്യന്
പിടികിട്ടിയില്ല.
മാസമറുതി
ആഘോഷിച്ച് പിരിഞ്ഞതിൽ പിന്നെ
എല്ലാ തിരക്കുകളും ഒഴിഞ്ഞ്
എന്നെങ്കിലും
**ഇത്തിരിനേരം ഒത്ത് കിട്ടിയെങ്കിലേ**
**ഇനിയൊരു 'മുക്കിത്തുട' നടക്കൂ....**
**സങ്കടം വരുന്നുണ്ട്.**
**പക്ഷേ,**
**സങ്കടപ്പെടാനും വേണ്ടേ**
**ഒരു നേരം..........?!**

ടി.കെ അലി പൈങ്ങോട്ടായി





# ഒറ്റപ്പെടൽ

വാക്കും
മനവും
കർമ്മവു-
മറിയു-
ന്നവനടുത്തു-
ണ്ടെന്നോർമ-
യാക്കാ-
നടുത്താരുണ്ട്?

ഒടുക്ക-
നിമിഷ-
മടുത്തെ-
ന്നറിയിക്കാ-
നടു-
ത്താരുണ്ട്?

അറിവി-
ന്നുറവ-
യറിയാ-
തെന്തു
വഴിയുണ്ട്?

റസാഖ് എടവനക്കാട്



# നിയോഗം

മരച്ചില്ലയിൽനിന്ന് അറുത്ത് മാറ്റപ്പെട്ടപ്പോൾ
വിരഹവേദന തോന്നിയില്ല
ചുട്ടുപൊള്ളുന്ന സിമന്റ് തറയിൽ ചൂടേറ്റ് വെന്തപ്പോൾ
ആത്മാവിന് പൊള്ളലേറ്റില്ല.
ചാക്ക് കെട്ടുകൾക്കുള്ളിലൊതുക്കി
ഇരുളറകളിൽ സൂക്ഷിക്കപ്പെട്ടപ്പോൾ
സങ്കടം വന്നില്ല.
ഒടുവിൽ
യന്ത്രപ്പല്ലുകൾക്കിടയിൽ ചതഞ്ഞരഞ്ഞപ്പോൾ
നൊമ്പരം അനുഭവപ്പെട്ടില്ല.
..........................................................
മൺചെരാതുകളിലെ
ഊർജമായി കത്തിയെരിഞ്ഞപ്പോൾ
അനുഭവവേദ്യമായ അനുഭൂതിയുടെ
ആഴം അളക്കാനേ കഴിയുന്നില്ല!

**അബ്ദുൽ അസീസ് മഞ്ഞിയിൽ**